# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1224

1.7.2015 – ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ യന്ത്രവൽക്കരണം

| ചോദ്യം<br>ശ്രീ. പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ മേഖലയിൽ യന്ത്രവൽക്കരണം ദ്രുതഗതിയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് എപ്രകാരമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) തൊണ്ട് ചകിരിയാക്കുന്ന മിനി ഡീഫൈബറിംഗ് മെഷീൻ, കയർ പിരിക്കുന്ന ഇലക്ട്രോണിക് റാട്ട്, ആധുനിക തരത്തിലുള്ള വിവിധയിനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉൾപ്പെടെയുള്ള കയർ മെഷീനറി യന്ത്രങ്ങൾ നിർമ്മിച്ച് കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കിക്കൊണ്ടിരിയ്ക്കുകയാണ്. ഇതുവഴി തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കാനും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും, തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കാനും കഴിയുന്നതാണ്. |
| ബി)യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നതിലൂടെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ